(ഡി) ഒരു മാസം ശരാശരി 35215 കെയ്സ്. എന്നാൽ 1.4.98 മുതൽ 31.3.99 വരെ 421390 കെയ്സ് മദ്യം മിലിട്ടറി ക്യാന്റീനുകൾ വഴി വില്പന യ്ക്കായി നൽകിയിട്ടുണ്ട്.

53 (1502) ബോട്ട്ലിംഗ് ആന്റ് ബ്ലെൻഡിംഗ് യൂണിറ്റുകൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോട്ട്ലിംഗ് ആന്റ് ബ്ളെൻഡിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി സർക്കാരിന് 31.12.98 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇതിൽ എക്സൈസ് കമ്മിഷണറുടെ അന്വേഷണം കഴിഞ്ഞ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ ടെക്നിക്കൽ എക്സ്പെർട്ടുകൾ ആരെങ്കിലുമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 153 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ഇവയുടെ പരിശോധന നടന്നുവരുന്നതേയുള്ളൂ.

(ബി) 71 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഒരു സെലക്ഷൻ/റിക്രൂട്ടിനി കമ്മിറ്റി നിലവിലുണ്ട്.

(ഡി) പ്രസ്തുത കമ്മിറ്റിയിൽ ടെക്നിക്കൽ എക്സ്പെർട്ടുകൾ ഇല്ല. എന്നാൽ കമ്മിറ്റിക്ക് ആവശ്യമെങ്കിൽ ടെക്നിക്കൽ എക്സ്പെർട്ടുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

54 (1503) "ഗോഡൗൺ പരിശോധിക്കുന്ന ഉദ്യോഗസ്ഥർ"

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ഗോഡൗണുകളുടെയും മറ്റും പരിശോധനാ ചുമതലകൾ നിർവഹിക്കുന്ന എക്സൈസ് വകുപ്പുദ്യോഗസ്ഥരെ പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുപകരം എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പിൻവലിച്ചിട്ടില്ലായെങ്കിൽ ഇവരെ പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനെതിരെ എന്തൊക്കെ പരാതികളാണ് ഉയർന്നിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly